ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com 04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ തസ്തികമാറ്റ നിയമനം - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (ഡി) വിഭാഗം

ഇഡി1/8331/2024/ഡിടിഇ തിരുവനന്തപുരം 29-04-2025

---

വായന:-1.03.01.2014 ലെ സ.ഉ (പി) നം. 01/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് .
2.19.07.2014 ലെ സ.ഉ (പി) നം. 21/2014/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് .
3.28.05.2015 ലെ സ.ഉ (പി) നം.16/2015/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് .
4.06.05.2017 ലെ ഇജി3/4372/16/ഡിടിഇ നമ്പർ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സംസ്ഥാന തല അന്തിമ സംയോജിത സീനിയോരിറ്റി പട്ടിക .
5.21.07.2022 ലെ സ.ഉ (അച്ചടി) നം. 6/2022/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് .
6. 14.03.2025 ലെ സർക്കാർ കത്ത് നമ്പർ എവിസി -II/20/2025/ഉഭപവ .

ഉത്തരവ്

വായന (1) മുതൽ (3) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ക്ലാസ്സ് IV / സബോഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് യോഗ്യതയുടെയും, ആദ്യ നിയമന തസ്തികയുടെ സീനിയോരിറ്റിയുടെയും അടിസ്ഥാനത്തിൽ വിരമിക്കൽ,മരണപ്പെടൽ എന്നിവ മൂലം നടപ്പ് വർഷം ക്ലാർക്ക് തസ്തികയിൽ ഉണ്ടായ അഞ്ച് ഒഴിവുകളിലേക്ക് വായന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി, വായന (6) നിർദേശ പ്രകാരവും ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വായന (4) സംസ്ഥാന തല സംയോജിത അന്തിമ സീനിയോരിറ്റി പട്ടികയിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്; 1958 - ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 28 (b) (ii),28 (bb) പ്രകാരം ₹26500 - 60700 വേതന നിരക്കിലുള്ള ക്ലാർക്ക് തസ്തികയിൽ താൽക്കാലിക തസ്തികമാറ്റ നിയമനം അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | വായന (4) സിനിയോറിറ്റി പട്ടികയി | ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിക്കുന്ന ജീവനക്കാരൻറെ പേര്, സ്ഥാപ | ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റ നിയമനം അനുവദിക്കുന്ന |
|---|---|---|---|

| | ലെ ക്രമ നമ്പർ | നം, പെൻ | സ്ഥാപനം |
|---|---|---|---|
| 1 | 130 | സാബു ആർ<br>ഓഫീസ് അറ്റൻറൻറ് ,<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,IPT ഷൊർണ്ണൂർ,പാലക്കാട്<br>പെൻ -374391 | സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ,കുറിച്ചി ,കോട്ടയം<br>(സനീഷ് പി റ്റി മരണപ്പെട്ട ഒഴിവ്) |
| 2 | 131 | അനിൽകുമാർ വി<br>ഓഫീസ് അറ്റൻറൻറ്,<br>കോളേജ് ഓഫ് ഫൈൻ ആർട്സ്,തിരുവനന്തപുരം<br>പെൻ-386810 | സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,ബാർട്ടൺഹിൽ, തിരുവനന്തപുരം<br>പെൻ-386810<br>(ഷാജിമോൻ ജെ വിരമിച്ച ഒഴിവ്) |
| 3 | 132 | ഹരിലാൽ സി വി<br>നോൺ ടെക്ക്നിക്കൽ അറ്റൻറർ<br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം ,തിരുവനന്തപുരം<br>പെൻ-108296 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം ,തിരുവനന്തപുരം<br>(ഡി ദിലീപ് വിരമിച്ച ഒഴിവ്) |
| 4 | 152 | ജോയ് പി റ്റി<br>നോൺ ടെക്ക്നിക്കൽ അറ്റൻറർ<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,ബാർട്ടൺ ഹിൽ,<br>തിരുവനന്തപുരം<br>പെൻ-172135 | സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്,തൃശ്ശൂർ<br>(ചന്ദ്രസേനൻ നായർ വിരമിച്ച ഒഴിവ്) |
| 5 | 153 | അബ്ദുൽ സലാം പി എ<br>നോൺ ടെക്ക്നിക്കൽ അറ്റൻറർ<br>സർക്കാർ പോളിടെക്നിക്ക് കോളേജ്,കളമശ്ശേരി എറണാകുളം<br>പെൻ-383348 | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖലാ കാര്യാലയം,കോതമംഗലം,എറണാകുളം<br>(ജോയി എം ടി വിരമിച്ച ഒഴിവ്) |

വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം ടി ജീവനക്കാർ ഉത്തരവ് തീയതി മുതൽ 10 ദിവസിനകം ബന്ധപ്പെട്ട സ്ഥാപന മേധാവി മുൻപാകെ ജോലിയ്ക്ക് ഹാജരാക്കേണ്ടതാണ്.

ക്ലാർക്ക് തസ്തികയിലെ തുടർച്ചയായ മൂന്നു വർഷ സേവന കാലയളവിനുള്ളിലെ രണ്ട് വർഷ സേവനം ടി തസ്തികയിലെ നീരിക്ഷണ കാലയളവായി ടി ജീവനക്കാർ പൂർത്തികരിക്കേണ്ടതാണ്.

മാതൃ ജില്ലയിലേക്കുള്ള ടി ജീവനക്കാരുടെ സ്ഥലംമാറ്റം, വായന (5) സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമായിരിക്കും.

തസ്തികമാറ്റ നിയമനം ലഭിച്ച ജീവനക്കാരുടെ വിടുതൽ / ചേരുംകാലം യഥാസമയം ഈ കാര്യാലയത്തിൽ ഇ ഓഫീസ് വഴി അറിയിക്കേണ്ടതാണ്.

SHALIJ P R

DIRECTOR

പകർപ്പ്
1.സി എ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,ഡി ടി ഇ
2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കു (ഡി ടി ഇ ഔദ്യോഗിക വെബ് സൈറ്റ് വഴി)
3. ബന്ധപ്പെട്ട ജീവനക്കാർക്ക്(സ്ഥാപന മേധാവി മുഖേന)
4. സൂപ്രണ്ട് (ജീവനക്കാര്യം (ജി),ഡിടിഇ ഇ ഓഫീസ് മുഖേന
5. ഇ ഓഫീസ് കരുതൽ സഞ്ചയം

Signed by
Shalij P R
Date: 29-04-2025 11:57:01